# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂൺ 30, വ്യാഴാഴ്ച

**നമ്പർ 64**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം :

വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ചുറ്റും ഒരു കിലോമീറ്ററിൽ കുറയാത്ത ദൂരത്തിൽ ഇക്കോസെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന സുപ്രീംകോടതി ഉത്തരവിനെ തുടർന്ന് ജനങ്ങളുടെ ഇടയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

1. എസ്. എസ്.എൽ.സി. പരീക്ഷ ജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം ഉറപ്പ് വരുത്തുന്നതിനു നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. എം. സച്ചിൻദേവ് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. സംസ്ഥാനത്തെ അംഗനവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും, അമിത ജോലിഭാരം ലഘൂകരിക്കുന്നതിനും അപകടാവസ്ഥയിലും ശോച്യാവസ്ഥയിലുമുള്ള അംഗനവാടി കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. മാത്യു കുഴൽനാടൻ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.777/2022(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. സുജിത് വിജയൻപിള്ള | ചവറയിൽ ഗെയ്ൽ പ്രകൃതി വാതക സംഭരണകേന്ദ്രം | മുഖ്യമന്ത്രി |
| 2 | ശ്രീ. നജീബ് കാന്തപുരം | പെരിന്തൽമണ്ണയിലെ വിവിധ എസ്.സി. കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ആധാരവും പട്ടയവും | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ഡോ. എൻ. ജയരാജ് | എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷിക്കാർക്ക് സംവരണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. സി. മൊയ്തീൻ | കലശമല ഇക്കോടൂറിസം പദ്ധതി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | ആറളം ഫാം ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപക തസ്തികകൾ | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7 | ശ്രീ എം. എസ്. അരുൺ കുമാർ | കറത്തിക്കാട് കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ.കെ. അക്ബർ | ഗുരുവായൂർ സ്വീവേജ് പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാരുടെ ആവശ്യങ്ങൾ | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. ഡി. പ്രസേനൻ | ചുരുപാറ മലയോര മേഖലയിലെ കർഷകരുടെ കൈവശ ഭൂമിക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>സ്പീക്കറുടെ റൂളിംഗ്</u>:

ചട്ടം 50 പ്രകാരമുള്ള നോട്ടീസ് സഭ പരിഗണിക്കുന്നതിനു മുമ്പ് അത് സംബന്ധിച്ച വാർത്തകൾ മാധ്യമങ്ങളിൽ വന്നതിനെ സംബന്ധിച്ചും നോട്ടീസ് പരിഗണിക്കുന്ന വേളയിൽ ബന്ധപ്പെട്ട അംഗം അത് ഉന്നയിക്കാതിരുന്നതിനെ സംബന്ധിച്ചും ചട്ടം 303 പ്രകാരം ശ്രീ. മാത്യു ടി. തോമസ് 2022 ജൂൺ 28 - ാം തീയതി ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

" 2022 ജൂൺ 27-ാം തീയതി ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും ചേർന്ന് ചട്ടം 50 പ്രകാരം നൽകിയിരുന്ന അടിയന്തര പ്രമേയ നോട്ടീസ് സംബന്ധിച്ച വാർത്തകൾ അന്നേ ദിവസം സഭാ സമ്മേളനത്തിനു മുമ്പുതന്നെ ദൃശ്യമാധ്യമങ്ങളിൽ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടെന്നും തുടർന്ന് ശൂന്യവേളയിൽ പ്രസ്തുത നോട്ടീസിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട സ്പീക്കർ, നോട്ടീസ് നൽകിയ അംഗത്തിന്റെ പേരുവിളിച്ചപ്പോൾ പ്രസ്തുത അംഗം സഭയിൽ ഉണ്ടായിരുന്നിട്ടും നോട്ടീസിന് അനുമതി തേടാനായി തന്റെ സീറ്റിൽ ഉണ്ടായിരുന്നില്ലെന്നും മേൽപ്പറഞ്ഞ രണ്ടു നടപടികളും സഭാ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും ഇതു സംബന്ധിച്ച് ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകേണ്ടതാണെന്നുമാണ് ജൂൺ 28-ാം തീയതി ശ്രീ. മാത്യു ടി. തോമസ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം വിശദമായി പരിശോധിച്ച് അടുത്ത ദിവസം റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അപ്പോൾ സഭയെ അറിയിക്കുകയും ചെയ്തു.

തുടർന്ന് ചെയർ ഇക്കാര്യം നമ്മുടെ നടപടിക്രമത്തിന്റെയും സഭാ ചട്ടങ്ങളുടെയും പശ്ചാത്തലത്തിൽ പരിശോധിക്കുകയുണ്ടായി. നോട്ടീസുകളുടെ മുൻകൂട്ടിയുള്ള പ്രചാരണം പാടില്ലെന്നതു സംബന്ധിച്ച് സഭാ ചട്ടം 266-ൽ പറയുന്നത് ഇപ്രകാരമാണ്:

**"സ്പീക്കർ അനുവദിക്കുകയും അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുകയും ചെയ്യുന്നതുവരെ ഏതെങ്കിലും അംഗമോ മറ്റു വ്യക്തിയോ ഒരു നോട്ടീസിന് പ്രചാരണം നൽകാൻ പാടുള്ളതല്ല.**

**എന്നാൽ ചോദ്യം സംബന്ധിച്ച നോട്ടീസിന് സഭയിൽ ആ ചോദ്യത്തിന് മറുപടി നൽകുന്ന ദിവസം വരെ യാതൊരു പ്രചാരണവും നൽകാൻ പാടുള്ളതല്ല."**

ചട്ടം വളരെ വ്യക്തമാണ്. സഭാ നടപടികളുടെ ഭാഗമായി അംഗങ്ങൾ നൽകുന്ന വിവിധ നോട്ടീസുകൾക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി, പ്രചാരണം നൽകിയ സംഭവം അന്നേ ദിവസം നടാടെ സംഭവിച്ചുപോയ ഒന്നാണെന്ന് ചെയർ കരുതുന്നില്ല. സഭാ നടപടി ചട്ടത്തെ സംബന്ധിച്ചുള്ള ധാരണക്കുറവുകൊണ്ട് ഉണ്ടാകുന്ന ഒരു വീഴ്ചയായി മാത്രം ഇതിനെ കാണാനുമാവില്ല. സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സും അവകാശങ്ങളും ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ മേലിൽ ആവർത്തിക്കുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച മറ്റൊരു പ്രശ്നം ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയതിനുശേഷം പ്രസ്തുത നോട്ടീസിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്റെ ഭാഗമായി ചെയർ ബന്ധപ്പെട്ട അംഗത്തെ ക്ഷണിക്കുമ്പോൾ അദ്ദേഹം സഭയിൽ ഉണ്ടായിരുന്നിട്ടും അനുമതി തേടാതിരുന്നതിനെ സംബന്ധിച്ചാണ്. ഇക്കാര്യവും ചെയർ പരിശോധിക്കുകയുണ്ടായി. പ്രതിപക്ഷാംഗങ്ങൾ നടത്തിയിരുന്ന പ്രതിഷേധ നടപടികളുടെ ഭാഗമായിട്ടാണെങ്കിൽപ്പോലും, ശ്രീ. മാത്യു ടി. തോമസ് തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചതുപോലെ, സഭാ നടപടികളിൽ സംഭവിക്കുന്ന ഇത്തരം രീതികൾ തികഞ്ഞ അനൗചിത്യമായി കാണേണ്ടതാണെന്നു തന്നെയാണ് ചെയറിന്റെയും അഭിപ്രായം"

<u>ധനകാര്യം :</u>

<u>2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും, വൈദ്യുത പദ്ധതികൾ എന്ന XXXIX - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും അവതരിപ്പിച്ചു

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു

XXXVII- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 7, 10, 11, 12, 13, 15, 17, 18, 19, 20, 24, 26, 31, 33, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 4, 6, 7, 9, 11, 12, 14, 15, 16, 17, 18, 22, 26, 28, 29, 33, 35, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. ശശി

ശ്രീ. നജീബ് കാന്തപുരം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീമതി കെ. കെ. രമ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. കെ. ബാബു (*നെന്മാറ*)

ശ്രീ. റോജി എം. ജോൺ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXXVII, XXXIX എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2022 ജൂലൈ 4-ാം തീയതി, തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.36-ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, June 30, 2022*

**No. 64**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Forest and Wildlife, the Speaker withheld consent to the moving of an adjournment motion given notice of by Shri. Sunny Joseph and five other Members regarding the anxiety reported to have arisen among the people due to the Supreme Court's order mandating ecosensitive zones at a distance of not less than one kilometer around wildlife sanctuaries and national parks.

(As a mark of protest against the attitude of the Government the Members belonging to the opposition staged a walkout.)

*Calling Attention :*

1. Shri K. M. Sachindev called the attention of the Minister for General Education and Labour to the necessity to take steps to ensure further studies to all students who passed in the S.S.L.C. examination. The Minister made a statement thereto.

2. DR. Mathew Kuzhalnadan called the attention of the Minister for Health and Woman and Child development to the necessity to take steps to revise the pay and service conditions and reduce the excessive workload of Anganwadi workers in the state and bring to functionable condition, the Anganwadi Buildings which are in dilapidated and endangered condition. The Minister made a statement thereto.

KNPP.777/2022(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. സുജിത് വിജയൻപിള്ള | ചവറയിൽ ഗെയ്ൽ പ്രകൃതി വാതക സംഭരണകേന്ദ്രം | മുഖ്യമന്ത്രി |
| 2 | ശ്രീ. നജീബ് കാന്തപുരം | പെരിന്തൽമണ്ണയിലെ വിവിധ എസ്.സി. കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ആധാരവും പട്ടയവും | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ഡോ. എൻ. ജയരാജ് | എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ഭിന്നശേഷിക്കാർക്ക് സംവരണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. സി. മൊയ്തീൻ | കലശമല ഇക്കോട്ടൂറിസം പദ്ധതി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | ആറളം ഫാം ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപക തസ്തികകൾ | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. എസ്. അരുൺ കുമാർ | കുറത്തിക്കാട് കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ.കെ. അക്ബർ | ഗുരുവായൂർ സ്വീവേജ് പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാരുടെ ആവശ്യങ്ങൾ | മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. ഡി. പ്രസേനൻ | ചുരുപാറ മലയോര മേഖലയിലെ കർഷകരുടെ കൈവശ ഭൂമിക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling by the Speaker :*

The Speaker gave the following ruling on a point of order raised by Shri Mathew T. Thomas under Rule 303 on 28th June 2022 regarding the publication of the notice under Rule 50 for the day in the Media before it's consideration by the House and the unwillingness of the Member concerned to raise it during it's consideration.

" 2022 ജൂൺ 27-ാം തീയതി ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും ചേർന്ന് ചട്ടം 50 പ്രകാരം നൽകിയിരുന്ന അടിയന്തരപ്രമേയ നോട്ടീസ് സംബന്ധിച്ച വാർത്തകൾ അന്നേ ദിവസം സഭാ സമ്മേളനത്തിനു മുമ്പുതന്നെ ദൃശ്യമാധ്യമങ്ങളിൽ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടെന്നും തുടർന്ന് ശൂന്യവേളയിൽ പ്രസ്തുത നോട്ടീസിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട സ്പീക്കർ, നോട്ടീസ് നൽകിയ അംഗത്തിന്റെ പേരുവിളിച്ചപ്പോൾ പ്രസ്തുത അംഗം സഭയിൽ ഉണ്ടായിരുന്നിട്ടും നോട്ടീസിന് അനുമതി തേടാനായി തന്റെ സീറ്റിൽ ഉണ്ടായിരുന്നില്ലെന്നും മേൽപ്പറഞ്ഞ രണ്ടു നടപടികളും സഭാ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും ഇതു സംബന്ധിച്ച് ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകേണ്ടതാണെന്നുമാണ് ജൂൺ 28-ാം തീയതി ശ്രീ. മാത്യു ടി. തോമസ് ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം വിശദമായി പരിശോധിച്ച് അടുത്ത ദിവസം റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അപ്പോൾ സഭയെ അറിയിക്കുകയും ചെയ്തു.

തുടർന്ന് ചെയർ ഇക്കാര്യം നമ്മുടെ നടപടിക്രമത്തിന്റെയും സഭാ ചട്ടങ്ങളുടെയും പശ്ചാത്തലത്തിൽ പരിശോധിക്കുകയുണ്ടായി. നോട്ടീസുകളുടെ മുൻകൂട്ടിയുള്ള പ്രചാരണം പാടില്ലെന്നതു സംബന്ധിച്ച് സഭാ ചട്ടം 266-ൽ പറയുന്നത് ഇപ്രകാരമാണ്:

**"സ്പീക്കർ അനുവദിക്കുകയും അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുകയും ചെയ്യുന്നതുവരെ ഏതെങ്കിലും അംഗമോ മറ്റു വ്യക്തിയോ ഒരു നോട്ടീസിന് പ്രചാരണം നൽകാൻ പാടുള്ളതല്ല.**

**എന്നാൽ ചോദ്യം സംബന്ധിച്ച നോട്ടീസിന് സഭയിൽ ആ ചോദ്യത്തിന് മറുപടി നൽകുന്ന ദിവസം വരെ യാതൊരു പ്രചാരണവും നൽകാൻ പാടുള്ളതല്ല."**

ചട്ടം വളരെ വ്യക്തമാണ്. സഭാ നടപടികളുടെ ഭാഗമായി അംഗങ്ങൾ നൽകുന്ന വിവിധ നോട്ടീസുകൾക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി, പ്രചാരണം നൽകിയ സംഭവം അന്നേ ദിവസം നടാടെ സംഭവിച്ചുപോയ ഒന്നാണെന്ന് ചെയർ കരുതുന്നില്ല. സഭാ നടപടി ചട്ടത്തെ സംബന്ധിച്ചുള്ള ധാരണക്കുറവുകൊണ്ട് ഉണ്ടാകുന്ന ഒരു വീഴ്ചയായി മാത്രം ഇതിനെ കാണാനുമാവില്ല. സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സും അവകാശങ്ങളും ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ മേലിൽ ആവർത്തിക്കുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച മറ്റൊരു പ്രശ്നം ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയതിനുശേഷം പ്രസ്തുത നോട്ടീസിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്റെ ഭാഗമായി ചെയർ ബന്ധപ്പെട്ട അംഗത്തെ ക്ഷണിക്കുമ്പോൾ അദ്ദേഹം സഭയിൽ ഉണ്ടായിരുന്നിട്ടും അനുമതി തേടാതിരുന്നതിനെ സംബന്ധിച്ചാണ്. ഇക്കാര്യവും ചെയർ പരിശോധിക്കുകയുണ്ടായി. പ്രതിപക്ഷാംഗങ്ങൾ നടത്തിയിരുന്ന പ്രതിഷേധ നടപടികളുടെ ഭാഗമായിട്ടാണെങ്കിൽപ്പോലും, ശ്രീ. മാത്യു ടി. തോമസ് തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചതുപോലെ, സഭാ നടപടികളിൽ സംഭവിക്കുന്ന ഇത്തരം രീതികൾ തികഞ്ഞ അനൗചിത്യമായി കാണേണ്ടതാണെന്ന തന്നെയാണ് ചെയറിന്റെയും അഭിപ്രായം."

*Financial Business :*

<u>Discussion and Voting on Demands for Grants in the Budget for the financial year 2022-23</u>

Shri P. Rajeeve, Minister for Law, Industries and Coir moved Demand No. XXXVII-Industries and Shri K. Krishnankutty, Minister for Electricity moved Demand No. XXXIX-Power for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos. XXXVII and XXXIX.

The cut motion Nos. 2, 3, 4, 7, 10, 11, 12, 13, 15, 17, 18, 19, 20, 24, 26, 31, 33, 36 in the list of cut motions for Demand No. XXXVII and cut motion Nos. 2, 4, 6, 7, 9, 11, 12, 14, 15, 16, 17, 18, 22, 26, 28, 29, 33, 35, 37 in the list of cut motions for Demand No. XXXIX were moved.

The following Members took part in the discussion;

Shri C. H. Kunhambu

Shri Thiruvanchoor Radhakrishnan

Shri V. Sasi

Shri Najeeb Kanthapuram

Shri Xavier Chittilappilly

Shri Job Maichil

Shri Anoop Jacob

Shri P. V. Sreenijin

Shri P. Mammikutty

Smt. K. K. Rema

Shri K. N. Unnikrishnan

Shri Anwar Sadath

Shri Thomas K. Thomas

Shri I. B. Satheesh

Shri Kurukkoli Moideen

Shri P. Balachandran

Shri K. Babu (*Nenmara*)

Shri Roji M. John

Shri P. Rajeeve, Minister for Law, Industries and Coir and Shri K. Krishnankutty, Minister for Electricity replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXXVII and XXXIX were put to vote and passed.

The House adjourned at 3.36 p.m. to meet again at 9.00 a.m on Monday July 4, 2022.

KAVITHA UNNITHAN,
*Secretary-in-Charge.*